കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡിസംബർ

DECEMBER 24 2017

ശബരിമല പത്രക്കുറിപ്പ്–1

മീഡിയ സെന്റർ ഫോൺ : 04735–202664

www.prd.kerala.gov.in, prdsannidanam2018@gmail.com

# ഇവർ പാടുമ്പോൾ മനം അയ്യനെ സ്തുതിക്കും

ശബരിമല: 'മതികാല മുടിതന്നിൽ മേവിത, മാതംഗ മുഖ നാഗഭൂക്ഷണ, മതി തന്നിൽ നിനച്ചൻപിന്, നിൻപദം ഇതകനിവോടും കൂപ്പുന്നേൻ ജയ...' ഉഷപൂജയ്ക്കായി നടയടയ്ക്കുമ്പോൾ ദേശാക്ഷി രാഗത്തിൽ ഗിരീഷ് മാരാരും കവലയൂർ വിഷ്ണു നമ്പൂതിരിയും ഇതു പാടുമ്പോൾ സന്നിധാനവും ഭക്തരും സോപാനസംഗീതത്തിലലിയും.

ഉഷപൂജയ്ക്കും ഉച്ചപൂജയ്ക്കും ദീപാരാധനയ്ക്കും അത്താഴപൂജയ്ക്കുമായി നടയടയ്ക്കുമ്പോൾ സോപാന സംഗീതമുയരും. ത്യാണി പാടി ഇടയ്ക്കയ്ക്ക് കൂറുകൊട്ടിയാണ് അഷ്ടപദിയും കീർത്തനങ്ങളും പാടുന്നത്. ഉഷപൂജയ്ക്ക് ദേശാക്ഷി രാഗത്തിലും ഉച്ച പൂജയ്ക്ക് മലഹരി രാഗത്തിലും അത്താഴപൂജയ്ക്ക് ഭവുളി രാഗത്തിലും എതിർത്ത് പൂജയ്ക്ക് ശ്രീകണ്ഠിയ രാഗത്തിലും പന്തീരടി പൂജയ്ക്ക് നളത്ത രാഗത്തിലുമാണ് ഗാനാലാപനം.

കൊടുപ്പുന്ന പരൂർ ഗിരീഷ് മാരാരും ആറ്റിങ്ങൽ അകരത്തിൽ വിളാകത്തിൽ കവലയൂർ വിഷ്ണുവും പീരപ്പൻകോട് സ്വദേശി ജയലാലും അയ്യന് മുമ്പിൽ പാടാനാവുന്നത് അനുഗ്രഹമായി കരുതുന്നു.

## പിഴയ്ക്കാതെ കൊട്ടണം മരപാണി

ഭഗവാന്റെ ചൈതന്യം ശ്രീകോവിലിനുള്ളിൽനിന്ന് ഭൂതഗണങ്ങളുടെ അടുത്തേക്കും ബലിയിലേക്കും വ്യാപിപ്പിക്കാനുള്ള അനുമതി തേടലാണ് മരപാണി കൊട്ട്. കലശത്തിനും കളഭത്തിനും മുമ്പാണ് ശബരിമലയിൽ മരപാണി കൊട്ടുക. സാധാരണ വാദ്യോപകരങ്ങൾ കൊട്ടുന്നതുപോലെയല്ല പാണി കൊട്ടുന്നത്. അനുഷ്ഠാനബദ്ധമായ വാദ്യമാണിത്. പാണികൊട്ടാൻ വ്രതവും ഏകാഗ്രതയും ശുദ്ധിയും വേണം. ചേങ്ങിലയും മരവും ശംഖുമാണ് വാദ്യത്തിന് ഉപയോഗിക്കുക. ചെ യും മദ്ദളവും ചേർന്ന രൂപമാണ്

മരം. വരിക്കപ്ലാവിന്റെ കുറ്റിയിൽ പശുവിന്റെ തോൽ കെട്ടിയാണ് ഇതിന്റെ നിർമാണം. ഓരോ പാണികൊട്ടിനും മുമ്പ് പുതിയ മരം എന്ന സങ്കൽപത്തിൽ പുതുവസ്ത്രം ചുറ്റും.

പാണി കൊട്ടുമ്പോൾ മാരാരും കൂടെയുള്ളവരും കുളി കഴിഞ്ഞു ഭസ്മം പൂശി പുതുവസ്ത്രത്താൽ തറ്റുടുത്ത് ഉത്തരീയം ഇടണം. കൊട്ടാൻ തുടങ്ങുന്നതിനു മുൻപ് വിളക്കിനു മുന്നിൽ നിറപറ വയ്ക്കുന്നു. ഗണപതിയൊരുക്കും ദക്ഷിണയും വയ്ക്കുന്നു. മേൽശാന്തി നിറപറയ്ക്കു മുന്നിലെ നിലവിളക്ക് കൊളുത്തുന്നു. പിന്നെ മാരാർ തന്ത്രിയോട് മൂന്നു വട്ടം അനുവാദം ചോദിക്കുന്നു. തുടർന്ന് മൂന്നുതവണ ശംഖൂതുന്നു. തുടർന്നാണ് പാണി തുടങ്ങുക. മൂന്നു ത തോം, നാല് ത തതോം എന്ന രീതിയിലാണ് കൊട്ടുക. 53 അക്ഷര കാലമാണ് കൊട്ടുക. നാലു ചെമ്പടയിൽ ഒരടി എന്ന നിലയിലാണ് കൊട്ടൽ. ഒരു ചെമ്പടയിൽ എട്ട് അക്ഷരംവരും. 32 അക്ഷര കാലമാണ് ഒരടി. എണ്ണം കൂടിയാലും കുറയാൻ പാടില്ല. മൂന്നുവട്ടം ശംഖൂതിയാണ് മരപാണി കൊട്ട് അവസാനിക്കുക.

മനസ് ഏകാഗ്രമാക്കിയാണ് പാണികൊട്ടുക. പാണിതെറ്റിയാൽ തന്ത്രിക്കും കൊട്ടുന്ന മാരാർക്കും വിനാശമാണ് ഫലമെന്ന് ഗിരീഷ് മാരാർ പറയുന്നു.

(പി.ആർ. ശബരി 315)

# ആയുർവേദത്തോട് പ്രിയം; ചികിത്സതേടിയത് 52,911 പേർ

ശബരിമല: പമ്പ, സന്നിധാനം ആയുർവേദ ആശുപത്രികളിലായി ഇതിനകം ചികിത്സതേടിയത് 53,911 പേർ. സന്നിധാനത്ത് 31,727 പേരും പമ്പയിൽ 22,184 പേരും ചികിത്സതേടി. മർമ്മ ചികിത്സയ്ക്കുള്ള ഡോക്ടറടക്കം അഞ്ചു ഡോക്ടർമാരുടെ സേവനം ആയുർവേദ ആശുപത്രിയിൽ 24 മണിക്കൂറും ലഭിക്കും.

കാലാവസ്ഥ മാറ്റം മൂലമു ാകുന്ന തുമ്മൽ, അലർജി, കഫക്കെട്ട്, ചുമ, ചതവ്, മുറിവ് എന്നിവയ്ക്കും മലകയറുന്നതുമൂലം പേശികൾക്കു ാവുന്ന വേദനയ്ക്കും ശമനം തേടിയാണ് കൂടുതൽ പേർ എത്തുന്നതെന്ന് ചീഫ് മെഡിക്കൽ ഓഫീസർ ഡോ. മനേഷ് കുമാർ പറഞ്ഞു. മൂന്നു ഫാർമസിസ്റ്റുകളും തെറാപ്പിസ്റ്റും നഴ്സിങ് അസിസ്റ്റന്റും അടക്കം 13 പേരാണ് സന്നിധാനത്ത് ജോലി ചെയ്യുന്നത്. ദിവസം ശരാശരി എണ്ണൂറിലധികം പേർ ചികിത്സതേടുന്നു.

(പി.ആർ. ശബരി 316)

# പുണ്യം പൂങ്കാവനത്തിൽ മാധ്യമപ്രവർത്തകരും; പ്ലാസ്റ്റിക്കിനെതിരേ ബോധവത്കരണം

ശബരിമല: ശബരിമലയെ മാലിന്യമുക്തമായി സൂക്ഷിക്കുന്നതിനായി നടത്തുന്ന പുണ്യം പൂങ്കാവനം ശുചീകരണ യജ്ഞത്തിൽ പങ്കാളികളായി മാധ്യമപ്രവർത്തകരും. സന്നിധാനത്ത് ജോലിചെയ്യുന്ന മാധ്യമപ്രവർത്തകരുടെ നേതൃത്വത്തിൽ സന്നിധാനം, മാളികപ്പുറം, പതിനെട്ടാംപടി, വാവർനട എന്നിവിടങ്ങളിലെയും ഓടകളിലെയും മാലിന്യങ്ങൾ നീക്കി. ഇരുമുടിക്കെട്ടിൽ പ്ലാസ്റ്റിക് ഉപയോഗിക്കാതിരിക്കാൻ അയ്യപ്പന്മാർക്കിടയിൽ ബോധവത്കരണം നടത്തി. ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ് ഉദ്യോഗസ്ഥരുടെയും പുണ്യം പൂങ്കാവനം പ്രവർത്തകരും യജ്ഞത്തിൽ ഒപ്പം ചേർന്നു.

ദേവസ്വം ബോർഡ് പ്രസിഡന്റ് എ. പത്മകുമാർ ഉദ്ഘാടനം നിർവഹിച്ചു. അയ്യന്റെ പൂങ്കാവനം മാലിന്യമെറിയാതെ പുണ്യഭൂമിയായി സംരക്ഷിക്കാൻ നടത്തുന്ന യജ്ഞത്തിൽ

എല്ലാവരും സഹകരിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ദേവസ്വം ബോർഡ് അംഗം കെ.പി. ശങ്കരദാസ്, പുണ്യം പൂങ്കാവനം കോ-ഓർഡിനേറ്റർ ഡിവൈ.എസ്.പി. അനിൽ ശ്രീനിവാസ്, പി.ആർ.ഒ. മുരളി കോട്ടയ്ക്കകം, എക്സിക്യൂട്ടീവ് ഓഫീസർ വി.എൻ. ചന്ദ്രശേഖരൻ, ഡ്യൂട്ടി മജിസ്ട്രേറ്റ് എസ്. സന്തോഷ് കുമാർ, ഐ.-പി.ആർ.ഡി. മീഡിയസെന്റർ കോ-ഓർഡിനേറ്റർ എ. അരുൺ കുമാർ, സംസ്ഥാന മീഡിയ അക്രഡിറ്റേഷൻ സമിതിയംഗം ദീപക് ധർമ്മടം, സി.ഐ. എസ്. മോഹൻ കുമാർ, മാധ്യമപ്രവർത്തകർ എന്നിവർ സന്നിഹിതരായി.

ഇരുമുടിക്കെട്ടിനുള്ളിലെ പൂജാ വസ്തുക്കൾ പ്ലാസ്റ്റിക് കൂടുകളിലും പനിനീർ പ്ലാസ്റ്റിക് കുപ്പികളിലും കൊ  ുവരരുതെന്നും മാലിന്യം വലിച്ചെറിയരുതെന്നും മാധ്യമപ്രവർത്തകർ വിവിധ സംസ്ഥാനങ്ങളിൽനിന്നെത്തിയ ഭക്തരോട് ആവശ്യപ്പെട്ടു.

(പി.ആർ. ശബരി 317)



കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡിസംബർ

DECEMBER 24 2017

ശബരിമല പത്രക്കുറിപ്പ്-2



മീഡിയ സെന്റർ ഫോൺ : 04735-202664

ww.prd.kerala.gov.in, prdsannidanam2018@gmail.com

# തങ്കഅങ്കി ചാർത്തൽ ഇന്ന്; മണ്ഡലപൂജ നാളെ

ശബരിമല: 41 ദിവസത്തെ വ്രതംനോറ്റ മണ്ഡലകാലത്തിന് നാളെ(ഡിസംബർ 26) സമാപനമാകും. മണ്ഡലപൂജ നാളെ രാവിലെ 11.04നും 11.40നും മധ്യേയാണ് നടക്കുക. ശരണം വിളികളാൽ മുഖരിതമാകുന്ന അന്തരീക്ഷത്തിൽ ഇന്ന്(ഡിസംബർ 25) വൈകിട്ട് തങ്കഅങ്കി ചാർത്തിയുള്ള ദീപാരാധന നടക്കും.

തങ്കഅങ്കി ഘോഷയാത്ര ഇന്നു രാവിലെ എട്ടിന് പെരുനാട് ശാസ്താ ക്ഷേത്രത്തിൽ നിന്നും ആരംഭിച്ച് ളാഹ, പ്ലാപ്പള്ളി, നിലയ്ക്കൽ ക്ഷേത്രം, ചാലക്കയം വഴി ഉച്ചയ്ക്ക് 1.30ന് പമ്പയിലെത്തും. പമ്പയിൽ നിന്നും തങ്കഅങ്കി പേടകങ്ങളിലാക്കി ഉച്ചയ്ക്കുശേഷം മൂന്നിന് ഘോഷയാത്രയായി സന്നിധാനത്തേക്ക് തിരിക്കും. അഞ്ചിന് ശരംകുത്തിയിലെത്തും.

ക്ഷേത്ര നട തുറന്ന ശേഷം തങ്കഅങ്കി സ്വീകരിക്കാനുള്ള സംഘം സോപാനത്ത് എത്തി ദർശനം നടത്തും. തന്ത്രി കണ്ഠരര് മഹേഷ് മോഹനര് പൂജിച്ച മാലകൾ ഇവരെ അണിയിക്കും. തങ്കയങ്കി സ്വീകരിച്ച് വരുന്ന സംഘത്തിന് ഇരുമുടിക്കെട്ടില്ലാതെ പതിനെട്ടാംപടി കയറുന്നതിനുള്ള അയ്യപ്പന്റെ അനുവാദം നൽകുന്നതിനാണ് തന്ത്രി ഇവരെ പ്രത്യേക മാല അണിയിക്കുത്. തങ്കഅങ്കി സ്വീകരിക്കുന്ന സംഘം ശരംകുത്തിയിലെത്തിയ ശേഷം അവിടെ നിന്നും തീവെട്ടി, മുത്തുക്കുടകൾ എന്നിവയുടെ അകമ്പടിയോടെ ഘോഷയാത്രയെ സ്വീകരിച്ച് കൊടിമരച്ചുവട്ടിൽ എത്തും. അവിടെ നിന്നും ദേവസ്വം ബോർഡ് പ്രസിഡന്റ്, അംഗങ്ങൾ, എക്സിക്യൂട്ടീവ് ഓഫീസർ തുടങ്ങിയവർ ചേർന്ന് സ്വീകരണം നൽകിയ ശേഷം തങ്കഅങ്കി പേടകം ക്ഷേത്രത്തിനുള്ളിൽ എത്തിക്കും. തന്ത്രി കണ്ഠരര് മഹേഷ് മോഹനരും മേൽശാന്തി എ.വി. ഉണ്ണിക്കൃഷ്ണൻ നമ്പൂതിരിയും ചേർന്ന് പേട

കം ശ്രീകോവിലിനുള്ളിലേക്ക് ഏറ്റുവാങ്ങും. തുടർന്ന് നടയടച്ച് തങ്കഅങ്കി അയ്യപ്പ വിഗ്രഹത്തിൽ അണിയിച്ച് ദീപാരാധാനയ്ക്കായി നട തുറക്കും. അത്താഴപൂജയ്ക്കു ശേഷം തങ്കഅങ്കി വിഗ്രഹത്തിൽ നിന്നും പേടകത്തിലേക്ക് മാറ്റും. മണ്ഡലപൂജ സമയത്ത് തങ്കഅങ്കി അയ്യപ്പ വിഗ്രഹത്തിൽ വീ ും ചാർത്തും. മണ്ഡല പൂജയ്ക്കു ശേഷം വിഗ്രഹത്തിൽ നിന്നും പേടകത്തിലേക്ക് മാറ്റും. 26ന് രാത്രി 11ന് ഹരിവരാസനം പാടി നട അടയ്ക്കുതോടെ 41 ദിവസത്തെ മണ്ഡല ഉത്സവത്തിന് സമാപനമാകും.

(പി.ആർ. ശബരി 318)

# മലകയറുന്നതിന് ഇന്ന് പമ്പയിൽ നിയന്ത്രണം

ശബരിമല: തങ്കഅങ്കി ഇന്ന് (ഡിസംബർ 25) ഉച്ചയ്ക്ക് പമ്പയിൽ എത്തുന്നതു മുതൽ മലകയറ്റത്തിന് നിയന്ത്രണം ഏർപ്പെടുത്തും. തങ്കഅങ്കി സന്നിധാനത്ത് എത്തുന്നതുവരെ അയ്യപ്പന്മാരെ പമ്പയിൽനിന്ന് മുകളിലേക്ക് കടത്തിവിടില്ല. പൊലീസടക്കം 1916 സുരക്ഷാ ഉദ്യോഗസ്ഥർ സന്നിധാനത്തു ്. പതിനെട്ടാംപടിയിൽ നിലവിലുള്ള പൊലീസുകാർക്കു പുറമേ 20 പേരെയും വി.ഐ.പി. ഗേറ്റിൽ 20 പേരെയും ശബരീപീഠത്തിൽ 50 പേരെയും വടക്കേനടയിൽ 60 പേരെയും 30 സ്ട്രൈക്കർ പൊലീസിനെയും കമാൻഡോകളെയും അധികമായി നിയോഗിക്കുമെന്ന് പൊലീസ് സ്പെഷൽ ഓഫീസർ സഞ്ജയ് കുമാർ ഗുരുഡിൻ പറഞ്ഞു.

(പി.ആർ. ശബരി 319)

# ശബരിമല മണ്ഡലകാല വരുമാനത്തിൽ 18 കോടി രൂപയുടെ വർധന

**– മൊത്തം വരുമാനം 159.10 കോടി രൂപ**
**– അന്നദാനസംഭാവനയിൽ 75 ലക്ഷത്തിന്റെ വർധന**
**– 60 ലക്ഷം പേർ അയ്യനെ വണങ്ങി**

ശബരിമല: മണ്ഡലകാലം അവസാനിക്കാനിരിക്കെ ശബരിമല വരുമാനത്തിൽ ഈ വർഷം 18 കോടി രൂപയുടെ വർധനയെന്ന് ദേവസ്വംബോർഡ് പ്രസിഡന്റ് എ. പത്മകുമാർ പറഞ്ഞു. മണ്ഡലകാലത്തിന്റെ 38–ാം ദിവസംവരെ 159.10 കോടി രൂപയാണ് മൊത്തം വരുമാനം. കഴിഞ്ഞവർഷം ഇതേദിവസം 141.18 കോടി രൂപയായിരുന്നു വരുമാനം. സന്നിധാനത്ത് വാർത്താസമ്മേളനത്തിൽ സംസാരിക്കവേയാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്.

വിവിധ ഇനങ്ങളിലെ വരുമാനം(ഇനം, വരുമാനം, ബ്രായ്ക്കറ്റിൽ കഴിഞ്ഞ വർഷത്തെ വരുമാനം എന്നക്രമത്തിൽ): അപ്പം–11,84,34,085 രൂപ(11,08,84,825 രൂപ), അരവണ–68,68,64355 (62,02,22,640), വെള്ളനിവേദ്യം–6,73,100(6,51,100), മാലവടി പൂജ–3,06,225(1,28,050), പഞ്ചാമൃതം–25,89,980 (33,00,400), ആടിയശിഷ്ടംനെയ്യ്–1,12,79,872 (1,03,08,100), കാണിക്ക–57,81,06,685 (47,53,18,354), മാളികപ്പുറം–1,13,62,697(86,28,040), മുറിവാടക–2,87,78,663(2,76,18,804), സംഭാവന–1,13,62,697(80,98,704) എന്നിങ്ങനെയാണ് വരുമാനം.

അന്നദാന സംഭാവനയിൽ 75 ലക്ഷം രൂപയുടെ വർധനയു ായി. കഴിഞ്ഞവർഷം 64.06 ലക്ഷം രൂപയാണ് ലഭിച്ചതെങ്കിൽ ഇത്തവണ അത് 1.39 കോടി രൂപയായി ഉയർന്നു. അടുത്തവർഷത്തേക്കു കൂടി അന്നദാനം നടത്തുന്നതിനുള്ള സംഭാവന ലഭിച്ചിട്ടു ന്നും അന്നദാന ഫ ് മറ്റുകാര്യങ്ങൾക്ക് ഉപയോഗിക്കില്ലെന്നും പ്രസിഡന്റ് പറഞ്ഞു. ഇതിനകം

60 ലക്ഷത്തിലധികം പേർ ശബരിമലയിലെത്തിയെന്നാണ് വിലയിരുത്തൽ. ര ു ലക്ഷം പേർ വരെ ദർശനം നടത്തിയ ദിവസങ്ങളു ്. മണ്ഡലകാലത്ത് വിവിധ വകുപ്പുകളും ദേവസ്വം ജീവനക്കാരും മികച്ച പ്രവർത്തനം കാഴ്ചവച്ചു.

ദേവസ്വം ബോർഡ് അംഗങ്ങളായ കെ. രാഘവൻ, കെ.പി. ശങ്കരദാസ്, എക്സിക്യൂട്ടീവ് ഓഫീസർ വി.എൻ. ചന്ദ്രശേഖരൻ, പി.ആർ.ഒ. മുരളി കോട്ടയ്ക്കകം എന്നിവർ പങ്കെടുത്തു.

(പി.ആർ. ശബരി 320)

## ശബരിമല പ്ലാസ്റ്റിക്രഹിതമാക്കാൻ ശ്രമം

ശബരിമല: അടുത്തവർഷമെങ്കിലും ശബരിമലയെ പ്ലാസ്റ്റിക്രഹിതമാക്കാനുള്ള ഇടപെടലുകളും പ്രചാരണങ്ങളും നടപടികളും സ്വീകരിക്കുമെന്ന് ദേവസ്വംബോർഡ് പ്രസിഡന്റ് എ. പത്മകുമാർ പറഞ്ഞു.

ഇരുമുടിക്കെട്ടിലെ പൂജാ വസ്തുക്കൾ പ്ലാസ്റ്റിക്ക് കൂടുകളിൽ കൊ ുവരാതിരിക്കാൻ ബോധവത്കരണം നടത്തും. ചെറിയ പ്ലാസ്റ്റിക് കുപ്പികളിൽ പനിനീർ കൊ ുവരുന്നു ്. ഇത് നിരുത്സാഹപ്പെടുത്തും. പ്ലാസ്റ്റിക് ഉപയോഗത്തിനെതിരേ ശക്തമായ പ്രചാരണം നടത്തും. പമ്പയുടെ മുകളിലേക്ക് പ്ലാസ്റ്റിക് എത്തുന്നതു തടയാനാണ് ശ്രമം. പരിസ്ഥിതി സൗഹൃദമായ ഉത്പന്നങ്ങൾ ഉപയോഗിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. മകരവിളക്ക് തീർഥാടനകാലത്ത് പ്ലാസ്റ്റിക് ഉപയോഗം നിയന്ത്രിക്കാൻ കർശന നടപടി സ്വീകരിക്കും.

(പി.ആർ. ശബരി 321)

## ആശുപത്രികളിൽ ചികിത്സ തേടിയത്1,31,166 പേർ

ശബരിമല: ശബരിമല മണ്ഡലകാല തീർഥാടനവുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പിന്റെ വിവിധ ആശുപത്രികളിലായി ഇന്നലെ വരെ ചികിത്സതേടിയത് 1,31,166 പേർ. പമ്പ 17,739, നീലിമല 9660, അപ്പാച്ചിമേട് 10,329, സന്നിധാനം 48,535, നിലയ്ക്കൽ 7555, ചരൽമേട് 16,367, സഹസ് 1911, മൊബൈൽ യൂണിറ്റ് പമ്പ 1473, നിലയ്ക്കൽ 486, പത്തനംതിട്ട ജനറൽ ആശുപത്രി 259, റാന്നി പെരുനാട് സാമൂഹികാരോഗ്യകേന്ദ്രം 58, എരുമേലി 9565, പെരുവന്താനം 986, വ ിപ്പെരിയാർ 10, മുക്കുഴി 79, പീരുമേട് 1, സത്രം 178, പുല്ലുമേട് 279, പന്തളം 1051, ചെങ്ങന്നൂർ 4575 എന്നിങ്ങനെയാണ് ചികിത്സതേടിയവരുടെ എണ്ണം. ഹൃദയാഘാതം മൂലം 18 പേർക്ക് ജീവൻ നഷ്ടമായി.

(പി.ആർ. ശബരി 320)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.